**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5562** **03-11-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ കേന്ദ്രവിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്ന ചെലവ് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) | അരിയുടെയും ഗോതമ്പിന്റെയും വിലയുടെയും നെല്ല് സംഭരണത്തിലൂടെ ലഭ്യമാകുന്ന അരിയ്ക്കുള്ള കേന്ദ്ര വിഹിതത്തിനുള്ള ക്ലെയിമിന്റെയും അടിസ്ഥാന ത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ചെലവ് വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം വാതിൽപ്പടി വിതരണത്തിന് ക്വിന്റലിന് 32.5 രൂപ നിരക്കിലും വ്യാപാരികൾക്കുള്ള കമ്മീഷനായി 43.5 രൂപ നിരക്കിലും എ.എ.വൈ/ പ്രയോറിറ്റി വിഭാഗത്തിനു മാത്രമായാണ് കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭിക്കുന്നത്. ഇത് സംസ്ഥാനത്തിന് വാതിൽപ്പടി വിതരണത്തിന് ആകെ ചെലവാകുന്ന തുകയുടെ ഏകദേശം 14 ശതമാനവും കമ്മീഷൻ ഇനത്തിൽ ചിലവാകുന്ന തുകയുടെ ഏകദേശം 11.85 ശതമാനവും മാത്രമാണ്. മണ്ണെണ്ണയുടെ വിതരണത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവുകളൊന്നും വഹിക്കുന്നില്ല. എ.എ.വൈ. വിഭാഗത്തിനു മാത്രമാണ് നിലവിൽ പഞ്ചസാര അനുവദിച്ചു വരുന്നത്. കേന്ദ്ര സർക്കാർ 1 കിലോ പഞ്ചസാരയ്ക്ക് 18.50 രൂപ സബ്സിഡി നൽകുകയും സപ്ലൈകോ ഇ-ടെൻഡർ മുഖേന വാങ്ങുന്നതിന്റെ വിപണിവിലയുടെ 18.50 രൂപ കിഴിച്ചുള്ള തുക സംസ്ഥാന സർക്കാർ നൽകുകയുമാണ് ചെയ്യുന്നത്. |
| (ബി) | ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; ഓരോ ഇനവും എത്ര അളവുകളിലാണ് ആനുവദിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങളിൽ എത്ര ശതമാനം ഉൽപ്പന്നങ്ങളുടെ | (സി) | മണ്ണെണ്ണ 100 ശതമാനവും അരി, ഗോതമ്പ് എന്നിവയുടെ 98 ശതമാനത്തോളവും പഞ്ചസാര യുടെ 93 ശതമാനവും വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിതരണമാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എം.ജി.കെ.എ.വൈ സ്കീം മുഖേന അരി, ഗോതമ്പ് എന്നിവയുടെ അധിക അലോട്ട്മെന്റ് ലഭ്യമായതും മുൻഗണനേതര വിഭാഗത്തിന് എഫ്.സി.ഐയിൽ നിന്ന് അരി വാങ്ങി സ്പെഷ്യൽ വിതരണമുണ്ടായിരുന്നതും കാരണമാകാം 100 ശതമാനം വിതരണം പൂർത്തിയാകാഞ്ഞത്. മുൻഗണനാ അതിജീവനകിറ്റുകളിൽ പഞ്ചസാര ഉൾപ്പെട്ടിരുന്നതു കാരണമാവാം പഞ്ചസാരയുടെ വിതരണം കുറഞ്ഞത്. |
| (ഡി) | എങ്കിൽ ആയത് മുഴുവനായും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (ഡി) | മണ്ണെണ്ണ 100 ശതമാനവും അരി, ഗോതമ്പ് എന്നിവയുടെ 98 ശതമാനത്തോളവും പഞ്ചസാര യുടെ 93 ശതമാനവും വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എം.ജി.കെ.എ.വൈ സ്കീം മുഖേന അരി, ഗോതമ്പ് എന്നിവയുടെ അധിക അലോട്ട്മെന്റ് ലഭ്യമായതും മുൻഗണനേതര വിഭാഗത്തിന് എഫ്.സി.ഐയിൽ നിന്ന് അരി വാങ്ങി സ്പെഷ്യൽ വിതരണമുണ്ടായിരുന്നതും കാരണമാകാം 100 ശതമാനം വിതരണം പൂർത്തിയാകാഞ്ഞത്. മുൻഗണനാ അതിജീവനകിറ്റുകളിൽ പഞ്ചസാര ഉൾപ്പെട്ടിരുന്നതു കാരണമാവാം പഞ്ചസാരയുടെ വിതരണം കുറഞ്ഞത്. |
| (ഇ) | നാളിതുവരെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ വിഹിതത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുള്ള അളവുകളിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഒരോ ഇനത്തിലും എത്ര വീതമാണ് കുറവുണ്ടായിട്ടുള്ളത്; കുറവുണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഇ) | കേരള സംസ്ഥാനത്ത് വളരെ ശ്രദ്ധേയമായ സാർവ്വത്രിക റേഷനിംഗ് സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത കാലയളവിൽ പ്രതിമാസം ഏകദേശം 150000 ടൺ അരിയും 50000 ടൺ ഗോതമ്പും 12375 ടൺ പഞ്ചസാരയും 31000 കിലോ ലിറ്റർ മണ്ണെണ്ണയും കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു. തുടർന്ന് 2000-ൽ കേന്ദ്ര സർക്കാർ എ.എ.വൈ. സ്കീം, അന്നപൂർണ്ണ സ്കീം എന്നിവ നടപ്പാക്കി. അപ്പോഴും അഡ്ഹോക്ക് അലോട്ട്മെന്റിലൂടെ ഒരു വിധം തൃപ്തികരമായ രീതിയിൽ സംസ്ഥാനത്തിന് 2016 വരെ ഭക്ഷ്യ വിഹിതം നൽകിയിരുന്നു. ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിലെ അനുച്ഛേദം 3(1) പ്രകാരം ടി നിയമം നിലവിൽവന്ന 2013 നു മുൻപുള്ള മൂന്നു വർഷത്തെ നോർമൽ അലോട്ട്മെന്റിന്റെ ശരാശരി അളവ് സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പു നൽകുന്നു. എന്നാൽ അഡ്ഹോക്ക് വിഹിതമുൾപ്പടെ ലഭ്യമായ ശരാശരി 16 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിച്ച സംസ്ഥാനമെന്ന നിലയിൽ, ടി വിഹിതം കണക്കാക്കാതെ സംസ്ഥാനത്തിന്റെ വാർഷിക വിഹിതം 14.25 ലക്ഷം മെ.ടൺ ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ദേശീയ ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | ഭദ്രതാ നിയമം സംസ്ഥാനത്ത് നിലവിൽവന്ന 01/11/2016 മുതൽ പ്രസ്തുത നിരക്കിലാണ് ധാന്യം ലഭിച്ചു വരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുന്നതിനു മുൻപും ശേഷവുമുള്ള അലോട്ട്മെന്റിന്റെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| സ്കീം | അരി (ശതമാനത്തിൽ) | | ഗോതമ്പ് (ശതമാനത്തിൽ) | |
|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | കേന്ദ്രം | സംസ്ഥാനം |
| NFSA | 89.59 | 10.41 | 89.31 | 10.69 |
| PMGKAY | 100 | 0 | 100 | 0 |

## അനുബന്ധം - 2

കഴിഞ്ഞ വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**അരി, ഗോതമ്പ്**

2020-21 സാമ്പത്തിക വർഷം (അളവ് മെ.ടണ്ണിൽ)

| സ്കീം | അരി | ഗോതമ്പ് | ആകെ ഭക്ഷ്യധാന്യം | കടല/ പയർ |
|---|---|---|---|---|
| ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം | 1136800.877 | 259195.103 | 1395995.98 | ഇല്ല |
| PMGKAY പദ്ധതി | 522123.124 | 70782.357 | 592905.481 | 29524.489 |

2021-22 സാമ്പത്തിക വർഷം ( 2021 നവംബർ വരെ) (അളവ് മെ.ടണ്ണിൽ)

| സ്കീം | അരി | ഗോതമ്പ് | ആകെ ഭക്ഷ്യധാന്യം |
|---|---|---|---|
| ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം | 676676.726 | 154621.658 | 831298.384 |
| PMGKAY പദ്ധതി | 434839.43 | 106960.99 | 541800.42 |

**മണ്ണെണ്ണ**

| കാലയളവ് | സബ്സിഡി മണ്ണെണ്ണ | നോൺ സബ്സിഡി മണ്ണെണ്ണ | ആകെ |
|---|---|---|---|
| 2020-21 സാമ്പത്തിക വർഷം | 30876 KL | 15108 KL | 45984 KL |
| 2021-22 സാമ്പത്തിക വർഷം | 19440 KL (ഏപ്രിൽ മുതൽ ഡിസംബർ വരെ) | 15108 KL | 34548 KL |

**പഞ്ചസാര**

എ.എ.വൈ വിഭാഗത്തിന് പ്രതിമാസം 595.8 മെ.ടൺ പഞ്ചസാര വീതം ലഭ്യമായി വരുന്നു.